പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4218      28/06/2012 ൽ മറുപടിയ്ക്ക്

## പാഠപുസ്തകങ്ങളുടെ അച്ചടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ :<br>ശ്രീ. പി.സി. ജോർജ് :<br>ഡോ: എൻ. ജയരാജ് :<br>ശ്രീ. എം.വി. ശ്രേയാംസ് കുമാർ : | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) നടപ്പു അദ്ധ്യയന വർഷം സംസ്ഥാനത്തെ സ്കൂളുകളിൽ എല്ലാതലങ്ങളിലേക്കുമുള്ള പാഠപുസ്തകങ്ങളുടെ വിതരണം പൂർത്തീകരിച്ചുവോ ; | (എ) പൂർത്തികരിച്ചു. |
| ബി) മുൻ വർഷങ്ങളെ അപേക്ഷിച്ച് പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിലും മുൻകൂർ വിതരണം ചെയ്യുന്നതിലും എത്രത്തോളം വിജയിക്കാൻ സാധിച്ചു ; വ്യക്തമാക്കുമോ ; | ബി) പാഠപുസ്തകങ്ങൾ സമയബന്ധിതമായി അച്ചടിക്കുന്നതിനും മുൻകൂർ വിതരണം ചെയ്യുന്നതിനും സാധിച്ചു. സ്കൂൾ തുറക്കുന്നതിനു മുമ്പുതന്നെ മുഴുവൻ കുട്ടികൾക്കും പാഠപുസ്തകങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |
| സി) സംസ്ഥാനത്തെ സ്കൂളുകളിലേക്ക് ആവശ്യമായ പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും ഏത് ഏജൻസിക്കാണ് നല്കിയത് ; ഇത് എത്രത്തോളം ഫലപ്രദമായിരുന്നു ; വിശദാംശങ്ങൾ നല്കുമോ ? | സി) പാഠപുസ്തകങ്ങളുടെ അച്ചടി പൊതുമേഖലാ സ്ഥാപനമായ എറണാകുളത്തെ കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റിയാണ് വർഷങ്ങളായി നിർവഹിച്ചു വരുന്നത്. ഇപ്പോൾ വിതരണച്ചുമതല കൂടി ഇവർക്ക് നൽകിയിട്ടുണ്ട്. പാഠപുസ്തകങ്ങളുടെ അച്ചടി വളരെ നേരത്തെ തുടങ്ങി പൂർത്തീകരിക്കുകയും, ഫെബ്രുവരി മാസത്തിൽ തന്നെ പോസ്റ്റൽ ഡിപ്പാർട്ടുമെന്റ് വഴി വിതരണം ആരംഭിക്കുകയും ചെയ്തു. ഇതോടൊപ്പം നൂതനമായ വിവര സാങ്കേതിക വിദ്യകൾ അവലംബിക്കുകയും മുൻ വർഷം ഓൺലൈൻ ഇൻഡന്റിങ്ങിൽ ഉണ്ടായ പോരായ്മകൾ പരിഹരിച്ച് ലളിതമായ രീതിയിൽ ഓൺലൈൻ ഇൻഡന്റ് ചെയ്യുവാനുള്ള സംവിധാനം രൂപകല്പന ചെയ്ത് നടപ്പാക്കുകയാണ് ഈ വർഷം ചെയ്തത്. ഇതിനായി പുസ്തകം ഹബ്ബുകളിൽ ഇനം തിരിച്ച് |

കൃത്യമായ എണ്ണം, കൊണ്ടു പോകുന്ന വാഹനത്തിന്റെ വിവരങ്ങൾ എന്നിവ എന്റർ ചെയ്താൽ മാത്രം ഡെലിവറി ചെല്ലാൻ ലഭിക്കുന്ന തരത്തിൽ രൂപകല്പന ചെയ്ത് കെ.ബി.പി.എസ്സിലെ ലോജിസ്റ്റിക് മാനേജ്മെന്റ് സിസ്റ്റം എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് വിതരണം നടത്തിയത്.

സെക്ഷൻ ഓഫീസർ